"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം: ഡിസി2/275/2019/തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20/12/2019

<u>സർക്കുലർ</u>

വിഷയം:- ത.സ്വ.ഭ.വകുപ്പ് - പി.എം.എ.വൈ.(നഗരം) - ലൈഫ് - വികസന അതോറിറ്റികളുടെ കീഴിലുള്ള പഞ്ചായത്തുകളിലെ അംഗീകാരം ലഭിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം - പദ്ധതി നിർവ്വഹണ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1) സ.ഉ.(കൈ)നം.1711/2019/ത.സ്വ.ഭ.വ. തീയതി 08/08/2019
2)കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയത്തിന്റെ 42-ാമത് സെൻട്രൽ സാങ്ഷനിംഗ് & മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം.

***********************

എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പി.എം.എ.വൈ.(നഗരം) - ലൈഫ് പദ്ധതി പ്രകാരം വികസന അതോറിറ്റികളായ ജി.സി.ഡി.എ, ട്രിഡ, ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി എന്നിവയുടെ കീഴിലുള്ള 34 പഞ്ചായത്തുകളിലെ ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിലുൾപ്പെട്ട ഭൂമിയുള്ള ഭവനരഹിതരായ 3551 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് സൂചന (2) പ്രകാരം കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയത്തിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തുകളിൽ പദ്ധതിയുടെ നിർവ്വഹണം സുഗമമായി നടപ്പിലാക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**പദ്ധതി നിർവ്വഹണം**

- അംഗീകാരം ലഭിച്ച ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം നടത്തേണ്ടത്

എം.ഐ.എസിൽ രേഖപ്പെടുത്തുന്നതിനും അറ്റാച്ച് ചെയ്യുന്നതിനും ആധാർ സീഡിംഗ് നടത്തുന്നതിനുമായി നഗരസഭയ്ക്ക് കമ്പ്യൂട്ടർ പരിജ്ഞാനമുള്ള വ്യക്തിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതും ഇത്തരത്തിൽ രേഖപ്പെടുത്തുന്നതിന് ഒരു ഗുണഭോക്താവിന് 7 രൂപ നിരക്കിൽ നൽകാവുന്നതുമാണ്. ഇത്തരത്തിൽ ചെലവാകുന്ന തുക അതത് പഞ്ചായത്തുകൾ വിശദവിവരങ്ങൾ സഹിതം ആവശ്യപ്പെടുന്ന മുറയ്ക്ക് തുക കുടുംബശ്രീയിൽ നിന്നും നൽകുന്നതാണ്.

- ആധാർ സീഡിംഗ് സാംഖ്യ സോഫ്റ്റ്‌വെയറിന്റെ സഹായം ആവശ്യമായി വരുന്നിടത്ത് ആയതിനുള്ള സംവിധാനം പഞ്ചായത്ത് സെക്രട്ടറി ഒരുക്കേണ്ടതാണ്.
- എം.ഐ.എസിൽ അറ്റാച്ച് ചെയ്യപ്പെടാത്ത ഗുണഭോക്താക്കൾക്ക് കേന്ദ്രസർക്കാരിന്റെ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. അറ്റാച്ച്മെന്റ് പൂർത്തിയാക്കി കഴിഞ്ഞാൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ മാറ്റം വരുത്താൻ കഴിയുകയില്ല എന്നതിനാൽ എം.ഐ.എസിൽ അപ് ഡേറ്റ് ചെയ്യുന്ന ബാങ്ക് അക്കൗണ്ട് നമ്പറും മറ്റ് വിവങ്ങളും കൃത്യതയുള്ളതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## ജിയോടാഗിംഗ്

- ഭവന നിർമ്മാണ പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിന് ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജിയോടാഗിംഗ് സംവിധാനം പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം പഞ്ചായത്ത് സെക്രട്ടറിമാർക്കായിരിക്കും. എന്നാൽ നിർമ്മാണം തുടങ്ങിയ ഭവനങ്ങളുടെ കാര്യത്തിൽ നിലവിലുള്ള ഘട്ടത്തിലോ / ആ ഘട്ടം മുതലുള്ളതോ ജിയോടാഗിംഗ് ചെയ്താൽ മതിയാകും.
- ജിയോടാഗ്ഗിംഗ് ചെയ്യേണ്ട ഘട്ടങ്ങൾ

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ആരംഭിക്കുന്നതിന് മുമ്പ് | അടിസ്ഥാനം | ലിന്റിൽ | മേൽക്കൂര | പൂർത്തീകരിച്ചതിന് ശേഷം |

- പഞ്ചായത്തിൽ താമസിക്കുന്നതും കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരുമായ കുടുംബശ്രീ അംഗങ്ങളെയോ അംഗങ്ങളുടെ കുടുംബാംഗങ്ങളെയോ ജിയോടാഗിംഗ് സർവ്വേയറായി പഞ്ചായത്ത് സെക്രട്ടറിയ്ക്ക്

ലൈഫിന്റെ മാനദണ്ഡങ്ങൾക്കും മാർഗ്ഗരേഖകൾക്കും അനുസൃതമായിരിക്കണം.

- പി.എം.എ.വൈ - ലൈഫ് അംഗീകൃത ഡി.പി.ആർ-ൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് കേന്ദ്ര വിഹിതം കുടുംബശ്രീ ലൈഫ് മിഷന് ലഭ്യമാക്കുന്ന മുറയ്ക്ക് ലൈഫ് മിഷൻ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതാണ്.
- കുടുംബശ്രീ മുഖേന ലഭിക്കുന്ന കേന്ദ്ര വിഹിതം ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പുരോഗതിക്ക് അനുസരിച്ച് (ഭവന നിർമ്മാണം പൂർത്തീകരിച്ചത്, മേൽക്കൂര പൂർത്തീകരിച്ചത് എന്നിവയുടെ ക്രമത്തിൽ) ലൈഫ് മിഷൻ തുല്യമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടി തുക ഭവന നിർമ്മാണം പൂർത്തീകരിച്ചത്, മേൽക്കൂര പൂർത്തീകരിച്ചത് എന്നിവയുടെ അടിസ്ഥാനത്തിൽ തുല്യമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതാണ്.
- അംഗീകാരം ലഭിച്ച ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ഗുണഭോക്തൃ സംഗമം സംഘടിപ്പിക്കേണ്ടതും പ്രസ്തുത യോഗത്തിൽ വച്ച് പദ്ധതിയെ സംബന്ധിച്ചും സാമ്പത്തിക സഹായം അനുവദിക്കുന്ന നടപടിക്രമങ്ങളെക്കുറിച്ചും വിശദീകരിക്കേണ്ടതുമാണ്.
- ഗുണഭോക്താക്കൾക്ക് കെട്ടിട നിർമ്മാണത്തിന് അനുമതി ലഭ്യമാക്കുന്നതിന് പ്രത്യേക സംവിധാനം പഞ്ചായത്ത് തലത്തിൽ ഒരുക്കി സമയബന്ധിതമായി കെട്ടിട നിർമ്മാണ അനുമതി ലഭ്യമാക്കേണ്ടതാണ്.
- CRZ Regulation, Wet Land & Paddy Land തുടങ്ങിയവ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ / സ്ഥാപനങ്ങളിൽ നിന്നും എൻ.ഒ.സി. ലഭിക്കേണ്ട അപേക്ഷകളുടെ ക്രോഡീകരണവും സമയബന്ധിതമായി അപേക്ഷകൾ വകുപ്പുകളിൽ / സ്ഥാപനങ്ങളിൽ സമർപ്പിക്കുന്നതും അതത് പഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

**<u>എം.ഐ.എസ്/ആധാർ സീഡിംഗ്</u>**

- അംഗീകാരം ലഭിച്ച എല്ലാ ഗുണഭോക്താക്കളുടെയും വിവരങ്ങൾ കേന്ദ്രമന്ത്രാലയത്തിന്റെ വെബ്സൈറ്റിലുള്ള എം.എെ.എസിൽ രേഖപ്പെടുത്തേണ്ടതും അറ്റാച്ച് ചെയ്യേണ്ടതും കൂടാതെ ലൈഫ് മിഷൻ എം.ഐ.എസിൽ അപ് ഡേറ്റ് ചെയ്യേണ്ടതുമാണ്. ഇതിന്റെ ചുമതല അതത് പഞ്ചായത്തിന്റെ ചാർജ്ജുള്ള പി.എം.എ.വൈ സാങ്കേതിക സെല്ലിലെ ഉദ്യോഗസ്ഥർക്കായിരിക്കും. ലൈഫ് മിഷൻ ജില്ലാ കോഡിനേറ്റർമാർ ഇത് മോണിറ്റർ ചെയ്യേണ്ടതാണ്. ഗുണഭോക്താക്കളുടെ വിവരങ്ങൾ

നിയമിക്കാവുന്നതാണ്.

- 300 ഗുണഭോക്താവിന് ഒരു സർവ്വേയർ എന്ന നിലയ്ക്ക് സർവ്വേയർമാരെ നിയമിക്കേണ്ടതും എന്നാൽ 300 ൽ കൂടുതൽ ഗുണഭോക്താക്കൾ ഉള്ള പക്ഷം ഒരു സർവ്വേയറെ കൂടി നിയമിക്കാവുന്നതുമാണ്.
- സർവ്വേയർക്ക് പഞ്ചായത്ത് ഐ.ഡി കാർഡ് നൽകേണ്ടതും സർവ്വേയറായി നിയമിച്ചുകൊണ്ടുള്ള ഉത്തരവ് നൽകേണ്ടതുമാണ്. സർവ്വേയർക്ക് ജിയോ ടാഗ് ചെയ്യുന്നതിനുള്ള വേതനം, ഒരു ഘട്ടത്തിന് 40 രൂപ നിരക്കിൽ 5 ഘട്ടങ്ങൾക്ക് (നിർമ്മാണത്തിന് മുമ്പ്, ബെയ്സ്മെന്റ്, ലിന്റിൽ, മേൽക്കൂര, പൂർത്തീകരണം) ആകെ 200 രൂപ കുടുംബശ്രീ മിഷൻ നൽകേണ്ടതാണ്.
- ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടം പൂർത്തിയാക്കുമ്പോഴും തുടർ ഗഡു ലഭിക്കുന്നതിനായി ഗുണഭോക്താവ് പഞ്ചായത്തുമായി ബന്ധപ്പെടുമ്പോൾ പ്രസ്തുത വിവരം ഉടനടി സർവ്വയറെ അറിയിക്കുകയും സർവ്വേയർ പ്രസ്തുത സ്ഥലത്തുപോയി പൂർത്തിയായ നിർമ്മാണ ഘട്ടത്തിന്റെ ജിയോടാഗിംഗ് വിശദാംശങ്ങൾ ശേഖരിക്കേണ്ടതുമാണ്.
- സർവ്വേയർ, ഭവന നിർമ്മാണത്തിന്റെ 5 ഘട്ടങ്ങളിലും (നിർമ്മാണത്തിനു മുമ്പുള്ള പ്ലോട്ട് ഉൾപ്പെടെയുള്ള) BHUVAN HFA ആപ്ലിക്കേഷന്റെ സഹായത്തോടെ 2 ചിത്രങ്ങൾ വീതം പകർത്തുകയും നിർമ്മാണ ഘട്ടവുമായി ബന്ധപ്പെട്ട നിശ്ചിത വിശദാംശങ്ങൾ മൊബൈലിൽ ശേഖരിക്കുകയും വേണം. ഇങ്ങനെ ശേഖരിക്കുന്ന ചിത്രങ്ങൾ/വിശദാംശങ്ങൾ ഇന്റർനെറ്റ് കണക്ഷന്റെ സഹായത്തോടെ BHUVAN സെർവറിലേയ്ക്ക് അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- ഓരോ ജിയോടാഗിംഗ് കഴിയുമ്പോഴും തനത് ഫണ്ടിൽ നിന്നും ടി തുക പഞ്ചായത്ത് നൽകേണ്ടതും വിശദാംശങ്ങൾ കുടുംബശ്രീ മിഷന് സമർപ്പിക്കുന്ന മുറയ്ക്ക് ടി തുക കുടുംബശ്രീ മിഷൻ നൽകുന്നതുമാണ്.
- പഞ്ചായത്ത് സെക്രട്ടറി നിയോഗിച്ചിട്ടുള്ള മോഡറേറ്റർ BHUVAN വെബ്സൈറ്റിലൂടെ സർവ്വേയർ അപ്‌ലോഡ് ചെയ്ത ചിത്രങ്ങൾ പരിശോധിക്കുകയും പരിശോധനയിൽ തുടർ ഗഡു നൽകുന്നതിന് ആവശ്യമായ നിർമ്മാണ ഘട്ടം പൂർത്തീകരിച്ചുവെന്നും ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്നും ഉറപ്പാക്കിയതിനുശേഷം തുടർ ഗഡു നൽകുന്നതിനുള്ള അനുമതി/ശിപാർശ നൽകേണ്ടതുമാണ്. ഇതിനാവശ്യമായ പശ്ചാത്തല സൗകര്യം (ഇന്റർനെറ്റ് കണക്ടിവിറ്റിയുള്ള കമ്പ്യൂട്ടർ ഉൾപ്പെടെ) പഞ്ചായത്ത് സെക്രട്ടറി മോഡറേറ്റർക്ക് ഒരുക്കി കൊടുക്കേണ്ടതാണ്.
- പഞ്ചായത്തിലെ ഓരോ വാർഡിലെയും ചുമതലയുള്ള പബ്ലിക് വർക്സ്

ഓവർസിയറെ പ്രസ്തുത വാർഡിന്റെ മോഡറേറ്ററായി നിയമിക്കേണ്ടതാണ്. മോഡറേറ്റർ പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് ഗുണഭോക്താവിനുള്ള ഗഡുക്കൾ വിതരണം ചെയ്യേണ്ടതാണ്.

- വികസന അതോറിറ്റികളുടെ ചാർജ്ജുള്ള പി.എം.എ.വൈ സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റും ലൈഫ് ജില്ലാ കോഡിനേറ്ററും സംയുക്തമായി പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SMITHA B CHANDRA
Date: 2019.12.21 10:41:18 IST
Reason: Approved

സെക്ഷൻ ഓഫീസർ.

**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയക്ടർ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ ,തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
വികസന അതോറിറ്റികളുടെ കീഴിലുള്ള പഞ്ചായത്ത് സെക്രട്ടറിമാർക്ക് (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി